# ജി എഫ് എച്ച് എസ് എസ് നാട്ടിക

## മറുമൊഴി.കോം

ഡിജിറ്റൽ മാഗസിൻ 2019

# സന്ദേശം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെല്ലാം ആധുനികരിച്ചുകൊണ്ടിരിക്കുന്ന ഈ സമയത്ത് പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായുള്ള ഐ.ടി കൂട്ടായ്മ നാട്ടിക ഗവൺമെന്റ് ഫിഷറീസ് ഹൈസ്കൂളിലും നടപ്പിലാക്കിയിരിക്കുന്നു. ലിറ്റിൽകൈറ്റ്സ് എന്ന ക്ലബ് തയ്യാറാക്കിയിരിക്കുന്ന ഡിജിറ്റൽ മാഗസിനായ മറുമൊഴി.കോം നിർമാണത്തിൽ പങ്കെടുത്ത അംഗങ്ങൾക്കും അവർക്ക പ്രോത്സാഹനം കൊടുത്തവർക്കും അഭിനന്ദനങ്ങൾ. സാങ്കേതികവിദ്യയിൽ അഭിരുചിയുള്ള തലമുറയെ ഒരുക്കിയെടുക്കാൻ ഈ പദ്ധതികൊണ്ട് സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നു.

പ്രധാനധ്യാപിക

# എഡിറ്റോറിയൽബോർഡ്

**സ്റ്റുഡന്റ് എഡിറ്റർ:അനാമിക പി എസ്**

**സഹായികൾ:ദീപ്ശിഖ,ബാല,സുഹറസനം**

**സഹായിച്ച അധ്യാപകർ:അഫ്സത്ത്,ഷീജ കെ വി,ബൈന, പ്രജിത**

| ഉള്ളടക്കപ്പട്ടിക | |
|---|---|
| കുഞ്ഞേ മാപ്പ് | 5 |
| പ്രതീക്ഷ | 6 |
| ജലംജീവാമൃതം | 8 |
| ഞാന്‍ | 9 |
| നീയും ഞാനും | 10 |
| പള്ളിക്കൂടം | 11 |
| ഓര്‍മ്മയുടെ ഭ്രാന്ത് ചുവപ്പിന്റെയും | 12 |
| ഇനിയുമുണ്ടൊരുവഴി | 14 |
| കൂട്ടുകാരി | 15 |
| മീനുക്കുട്ടി | 17 |
| നനഞ്ഞ മഴയോര്‍മ്മ | 19 |
| അശ്വമേധം–വയലാര്‍ രാമവര്‍മ്മ | 22 |
| മാപ്പ് | 25 |
| കായികവിശേഷം | 26 |
| സ്വന്തം ജീവിതം വലിയ മാതൃക | 28 |
| പുസ്തക മാഹാത്മ്യം | 29 |
| ടങ് ട്വിസ്റ്റേഴ്സ് | 30 |
| സ്വപ്നലോകം | 31 |

**<u>കുഞ്ഞേ മാപ്പ്</u>**



പൊക്കിൾക്കൊടിയറുത്തു നീ
വീണിടം
നൻ മുലപ്പാൽ രുചി നുകരേണ്ടിടം
വാത്സല്യച്ചൂടേറ്റ് മയങ്ങേണ്ടിടം
വിരലുണ്ടുകിടന്നിറങ്ങേണ്ടിടം...
അമ്മതൻ സ്നേഹവിരലുകൾ
അരുമയായ്
തഴുകിയുണർത്തേണ്ടിടം
മൃതിയുടെ ഹസ്തതാഡനമേറ്റ്
തല പിളർന്ന് നീ വീഴവേ...
കുഞ്ഞേ..... നീ കരഞ്ഞുവോ?
നിൻ ചുണ്ടിൽ വിടരും മൃദുഹാസം
വെണ്ണനാണിക്കുമോരുടൽ
തേനൂറും നിൻ കളനിസ്വനങ്ങൾ
നിഷ്ക്കളങ്കമാം മുഖനിലാവ്
കണ്ടില്ലയോയാബധിരാന്ധമൂകൻ.

കുഞ്ഞേ..... നിണം
വാർന്നൊരീയുടൽ
ഉറുമ്പരിച്ച് ചിതലെടുത്ത്
നായും നരിയും കടിച്ചുകീറവേ
നിൻ മൃദുമേനി നൊന്തുവോ....?
നിശബ്ദമായി തേങ്ങിയോയെൻ
മണിക്കുഞ്ഞേ.....
സ്വാർത്ഥമോഹത്തിന്നന്ധകാരത്തിൽ
നിന്നെ മറച്ചുവോ...
നിൻ സ്വപ്നങ്ങളെല്ലാം
തച്ചുടച്ചുവോ?
കുഞ്ഞേ...മാപ്പ്...നിന്റെയാപാദപത്മത്തിൽ
തൊട്ടു ഞാനോതുന്നു.....മാപ്പ്
നീയേകുക
നിന്നുയിരെടുത്തോരു കെട്ട
കാലത്തിനും....

ഷീജ കെ വി
അധ്യാപിക

# പ്രതീക്ഷ



ഇവിടൊരു പുഴയുണ്ടായിരുന്നു...
കിളികൾ കളഗാനം പൊഴിക്കുന്ന
ശലഭങ്ങൾ ചടുലനർത്തനം
ചെയ്യുന്ന
മാൻപേടകൾ കണ്ണാടി നോക്കുന്ന
സ്ഫടികസമാനമാമൊരു പുഴ....

ഇവിയെയൊരു
മലയുണ്ടായിരുന്നു
വെള്ളിയലുക്കിട്ട മേടകൾ
തോറും
മരതകപ്പച്ചയാം പട്ടുടുപ്പിട്ട്
തുള്ളിവരും കാട്ടാറെ
പരിണയിച്ച
കോടമഞ്ഞിൻ പുതപ്പിട്ട
നീലമല....

ഇവിടെയൊരു
കാടുണ്ടായിരുന്നു.....
തത്തമ്മപ്പെണ്ണിൻ പായാരം
നിറയുന്ന
ആനയും പുലിയും
കിന്നരിച്ചോടുന്ന
മയിലുകൾ പീലിവിടർത്തി
നിന്നാടുന്ന
പച്ചപുതച്ചിട്ട സ്നേഹവനം....

ഇവിടെയൊരു
താഴ്വരയുണ്ടായിരുന്നു
നെൽകാതിരാലോലം വെട്ടുന്ന
കൃഷീവലന്മാർ കലപ്പകളേന്തുന്ന
മഴയാൽ കുളിർത്തൊരു
താഴ്വാരം...

ഇന്നൊരു പ്രളയ
പർവ്വത്തിനപ്പുറം
ഇവിടെ നിറയുമൊരു
ശൂന്യതയ്ക്കപ്പുറം
പ്രതീക്ഷതൻ പൊൽക്കിഴി നാളം
തെളിക്കാൻ
വരികയിന്നേതൊരു പുലരിവെട്ടം...

*വട്ടുകൾ മൂത്തുനനച്ചൊരു*
*അപ്പൂപ്പൻ താടിയായ്*
*ഒഴുകിനടക്കേ... തടശിലയായ്*
*നീയെന്നരികിലുണ്ടെങ്കിൽ*
*പിന്നെയെനിക്കെന്തു വേണം...*
*എൻ നിശബ്ദപ്രണയത്തിന്*
*സാക്ഷിയായൊരെൻ മനസ്സിൽ*
*വേപഥു നീയറിയേ ....*
*എന്നാത്മാരാഗാലാപനം നീ*
*കേൾക്കേ...*
*അദൃശ്യമാം*
*നിൻ സ്നേഹസ്പർശനം*
*എന്നാത്മാവിനെ*
*തൊട്ടുണർത്തവേ...*
*ഞാനെന്തിന്*
*വിഷാദിക്കണം ... വിദൂരമെങ്കിലും*
*നിൻ മധുരനാദം*
*എന്നെയുണർത്തുവാൻ*
*പോരും...*
*നീയെന്നാത്മാവ്*
*തന്നെയാവുകിൽ*
*നിന്നെത്തിരഞ്ഞു*
*ഞാനലയേണ്ടതില്ല ...*
*എന്നിൽകുടിയിരിക്കുമാ*
*പ്രിയരൂപം...*
*എവിടെയുമെവിടെയും*
*കാണ്മതുണ്ട് ഞാൻ ...*
*അവനിവനെന്നറിയുന്ന ഞാൻ ...*
*എന്നാത്മരൂപമേ വണങ്ങിടുന്നു*
*ഞാൻ ...*

*ദേവിക കെ എസ്*

## ജലംജീവാമൃതം



ജീവാമൃതം ജലം ജലസമൃദ്ധീ...
അതിജീവനത്തിനായ്
ജലസമൃദ്ധി....
പളുങ്കുപോൽ
ചിന്നിച്ചിതറിത്തെറിക്കുമീ
ജീവാമൃതം...ജലം...ജലസമൃദ്ധീ...
ദാഹനീരിനായീ....കുളിർധാരയായീ...
വസുധതൻ
മാറിലൂടൊഴുകിയെത്തും
അസിതമോഘത്തിന്റെ
പുത്രിമാരേ
ഈ വിധം
നിങ്ങളില്ലായിരുന്നെങ്കിലീ
വിശ്വമേയിതുപോലെയായിടുമോ....
ഇവിടെയൊരു
ആകാശമുണ്ടാകുമോ
ഇവിടെയൊരു ആരണ്യമുണ്ടാകുമോ
ഇവിടെയൊരു ആവാസമുണ്ടാകുമോ
ആശാമുകുളങ്ങളുമുണ്ടാകുമോ....
ഭൂഗോളവാസിതൻ ജീവസിന്ധു
യുഗഗായകർ തന്നമൃതബിന്ദു.....
മാനവസ്നേഹത്തിൻ
പ്രൗഢോജ്ജ്വലങ്ങളാം
വീരകഥാകഥന പാലാഴി നീ.....
ജീവാമൃതം....ജലസമൃദ്ധീ.....
മാനവരക്ഷയ്ക്കായ്
കാത്തിടേണം
ജീവജാലങ്ങൾക്കായ്
പൊരുതിടേണം
കാവൽ മാലാഖയായി
കരുതിടേണം
ഇരുകരം നീട്ടി നീ പുൽകിടേണം
വിശ്വ രക്ഷയ്ക്കായ്
ഒരുങ്ങിടേണം
കാത്തിടേണം....കാത്തരുളീടേണം
കാത്തുവെയ്ക്കാം നമുക്കീ
പരിശുദ്ധയേ
കാത്തുവെയ്ക്കാം നമുക്കീ
സമൃദ്ധി
കുളിരണിയട്ടെ ....പച്ചപുതയ്ക്കട്ടെ
അതിരുകളില്ലാതൊഴുകിടട്ടേ
സ്നേഹമാം
തണ്ണീരിതെന്നുമെന്നും
പുഞ്ചിരി തൂകട്ടെ ലോകമെങ്ങും....
സൗഹാർദ്ദമാകട്ടെ ലക്ഷ്യമെന്നും....
ജീവാമൃതം ജലം ജലസമൃദ്ധീ....

അജിത്ത് വി എ

# ഞാൻ

*വട്ടുകൾ മൂത്തുനനച്ചൊരു*
*അപ്പൂപ്പൻ താടിയായ്*
*ഒഴുകിനടക്കേ... തടശിലയായ്*
*നീയെന്നരികിലുണ്ടെങ്കിൽ*
*പിന്നെയെനിക്കെന്തു വേണം...*
*എൻ നിശബ്ദപ്രണയത്തിന്*
*സാക്ഷിയായെയാരെൻ മനസ്സിൽ*
*വേപഥു നീയറിയേ ....*
*എന്നാത്മാരാഗാലാപനം നീ*
*കേൾക്കേ...*
*അദൃശ്യമാം*

*നിൻ സ്നേഹസ്പർശനം*
*എന്നാത്മാവിനെ*
*തൊട്ടുണർത്തവേ...*
*ഞാനെന്തിന്*
*വിഷാദിക്കണം ...വിദൂരമെങ്കിലും*
*നിൻ മധുരനാദം*
*എന്നെയുണർത്തുവാൻ*
*പോരും...*
*നീയെന്നാത്മാവ്*
*തന്നെയാവുകിൽ*
*നിന്നെത്തിരഞ്ഞു*
*ഞാനലയേണ്ടതില്ല ....*
*എന്നിൽകുടിയിരിക്കുമാ*
*പ്രിയരൂപം...*
*എവിടെയുമെവിടെയും*
*കാണ്മതുണ്ട് ഞാൻ ...*
*അവനിവനെന്നറിയുന്ന ഞാൻ ...*
*എന്നാത്മരൂപമേ വണങ്ങിടുന്ന*
*ഞാൻ ...*

*ദേവിക കെ എസ്*

## നീയും ഞാനും

*ഒരു മഞ്ഞുതുള്ളിയായ്*
*അരികിൽ അണഞ്ഞുനീ*
*താരകമാം മുല്ല പൂക്കുന്നീ*
*മാനത്തിൽ കുടിലിൻ*
*മറ്റാരും കാണാതെ*
*വർണ്ണം വിതറി നീ വരുമ്പോൾ*
*മനസ്സിലൊളിപ്പിച്ചുവച്ചൊരുപ്രണയം*
*നിത്യമാം ശാന്തിയിലേയ്ക്കണയവേ*
*എത്രയോ രാവുകളിൽ ഈ ഞാൻ*
*ഉറങ്ങാതെയൊന്നു മയങ്ങാതെയിരുന്നു.*
*ഇനിയുമെത്രയും ജന്മമെനിക്കുണ്ടായാലും*
*അന്ന് ഉറ്റവൻ നീ തന്നെയാകണം*
*കാത്തിരിക്കാം ഇനിയുള്ള ജന്മം*
*നിനക്കായ് മാത്രം*
*നിൻ സ്നേഹത്തിനായ് മാത്രം*

*പാർവ്വതി.കെ.ജി*
*X C*

## പള്ളിക്കൂടം

അമ്മതൻ ചെറുവിരൽ ചേർത്തു പിടിച്ചു ഞാൻ
ആദ്യമായി എത്തിയ അക്ഷരതറവാട്ടിൽ
പുളിമര തണലുള്ള മണ്ണിന്റെ മണമുള്ള
ചുറ്റിലും ചെളിവെള്ളമുള്ള വിദ്യാലയം
ചെളിയിൽ കളിക്കുന്ന ഒരു നൂറുകൂട്ടുകാർ
കൂടെ കളിക്കുവാൻ ഞാനുമെൻ ബാല്യവും
ചിരിതൂകി നിൽക്കുന്ന പൂമരം പോലെ
അറിവു പകരുവാൻ എന്റെ അദ്ധ്യാപകൻ
അവരുടെ സ്നേഹവും അറിവിന്റെ ഭാണ്ഡവും
നെറുകയിൽ തന്നു ആവോളമിത്രനാൾ
ഞാനുമെൻ നിഴലും വിടപറയുന്നിതാ.......
ഞാനുമെൻ ബാല്യവും പടിയിറങ്ങുന്നിതാ.....
ഓർമ്മകൾ ചികയുമ്പോൾ ...... നേർമ്മയായ് നേരിന്റെ
നിറമുള്ള പുളിമരമുള്ള വിദ്യാലയം.
അടിതെറ്റി വീഴുമ്പോൾ എന്നെ നയിക്കുവാൻ
ഊന്നുവടിയേകിയോരെന്റെ വിദ്യാലയം
വിടച്ചൊല്ലിയകലുമ്പോൾ വിടരട്ടേ നാളെയീ
വിദ്യാലയത്തിൽ ഒരു കോടി മലരുകൾ
അതിലൊഴുകി എത്തട്ടേ അറിവു തേടി
ഒരു കോടി ശലഭങ്ങളെന്നുമെന്നു
ഞാനുമെൻ നിഴലും വിടപറയുന്നിതാ.....
ഞാനുമെൻ ബാല്യവും പടിയിറങ്ങുന്നിതാ......

*കൃഷ്ണകൃപ എം എസ്*
*IX C*

## ഓർമ്മയുടെ ചുവപ്പ് ഭ്രാന്തിന്റെയും

പുറത്ത് പതിവിലും നന്നായി മഴ പെയ്യുന്നുണ്ടായിരുന്നു. ആവി പാറുന്ന കട്ടൻചായ മേശപ്പുറത്ത് വെച്ച് അമ്മവിളിച്ചു. പതിവിലും വൈകിയാണ് ഉറങ്ങാൻ കിടന്നത്. ഉറക്കക്കുറവും മഴയുടെ തണുപ്പുമെല്ലാം ഏത്ര പെട്ടെന്ന് ഉണരാൻ എന്നെ അനുവദിച്ചില്ല. മഴയുടെ കുളിരിൽ ചൂട് ചായ കുടിക്കാമെന്ന കരുതി ഉണർന്നു. പടിഞ്ഞാറുനിന്ന് കടലിന്റെ നല്ല ശബ്ദവുമുണ്ടായിരുന്നു. ചെറിയപേടി മനസ്സിൽ ഉണ്ടായിരുന്നുവെങ്കിലും പത്രവുമെടുത്ത് അവിടെതന്നെ ഇരുന്നു. ആ നാട്ടിൽ ആരെക്കാളും നന്നായി പത്രം അരിച്ചുപെറുക്കുന്നത് ഒരു പക്ഷേ ഞാനായിരിക്കും. കാരണം ആറുകൊല്ലം മുമ്പ് കാണാതെ പോയ എന്റെ ചേട്ടന്റെ എന്തെങ്കിലും വിവരം ആ പേജുകളിൽ ഉണ്ടോ എന്നറിയാൻ. പക്ഷേ എന്നത്തേയും പേലെയായിരുന്നില്ല അന്ന്. എത്ര പരതിയിട്ടും എനിക്ക് മതിയായില്ല. അവിടെയെവിടയോ എന്തോ ഉണ്ടെന്ന് തോന്നിപ്പോയി. അത് വെറും തോന്നൽ മാത്രമായിരുന്നില്ല. ഏകദേശം 16 വയസ്സ് പ്രായം തോന്നിക്കുന്ന ഒരു ആൺകുട്ടിയുടെ ഫോട്ടോ. അടിയിൽ ഭര എന്ന എഴുതിയത് മാത്രം കാണാൻ കഴിഞ്ഞുള്ളൂ. ബാക്കി ഭാഗം കീറിപ്പോയിരുന്നു. ഭര എന്നതിന്റെ ബാക്കി ഭരത്രാജ് എന്നാകുമെന്ന് ഞാൻ ഉറപ്പിച്ചു. അത് തന്നെയാണ് എന്റെ ചേട്ടനെന്നും ഞാൻ അമ്മയോടൊന്നും പറഞ്ഞില്ല. എന്നത്തേയും പോലെ എന്റെ തെറ്റിധാരണയെന്ന പറഞ്ഞ് അമ്മ ഒരു പക്ഷേ ചീത്ത പറഞ്ഞേക്കാം. അതുകൊണ്ട് ഞാൻ കീർത്തുവിന്റെ വീട്ടിൽ പോയി. പക്ഷേ അവിടെ വേറെ പത്രമായിരുന്നു. എന്നിട്ട് ഞാൻ ഉണ്ണിയുടെ വീട്ടിൽ പോയി. എന്റെ ഭാഗ്യത്തിന് അവിടെ പത്രം ഒന്നും സംഭവിക്കാതെ ഇരിപ്പുണ്ടായിരുന്നു. ഞാനതെടുത്ത് നോക്കിയപ്പോൾ ഒരു ഫുട്ബോൾ ടൂർണമെന്റിന്റേതായിരുന്നു. ചേട്ടന് ഫുട്ബോൾ അന്നും നല്ല ഇഷ്ടമായിരുന്നു. എന്റെ സന്തോഷത്തെ എനിക്ക് അടക്കാൻ കഴിഞ്ഞില്ല. പത്രമെടുത്ത് മുകളിലേക്കെറിഞ്ഞ് ഞാൻ വീട്ടിലേക്കോടി. അതുമായി ബന്ധപ്പെട്ട് അടുത്താഴ്ച  അവിടെ ഒരു മീറ്റിംഗ് നടക്കുന്നുണ്ടെന്ന് ഞാനറിഞ്ഞു. കൂടം കുളത്താണ് സംഭവം. അമ്മയോട് പറഞ്ഞാൽ

അമ്മ ഒരിക്കലും സമ്മതിക്കില്ലെന്ന് എനിക്കറിയാമായിരുന്നു. അതിനാൽ ഞാൻ അമ്മയോടൊന്നും പറയാതെ ഓരോ ദിനവും ഞാൻ എണ്ണിക്കാത്തിരുന്നു. അങ്ങനെ കുടംകുളത്തേക്ക് പോകാൻ ഒരുങ്ങിയിരിക്കേ എന്താണ് അമ്മടയോട് പറയേണ്ടതെന്നെനിക്കറിയില്ലാമായിരുന്നു. നിമിഷയുടെ വീട്ടിൽ പോകുന്നുവെന്നും ഉടനെ തിരിച്ചെത്താമെന്നും പറഞ്ഞു. അങ്ങനെ കുടംകുളത്തേക്കുള്ള ബസ് കയറി. ബസ് വളരെ വേഗത്തിലായിരുന്നു പോയിരുന്നത്. അതിനാൽ ഓരോ സ്റ്റോപ്പും വളരെ ശ്രദ്ധിച്ചാണി ഞാനിരുന്നത്. പിന്നെ ഓരോ ആളുകൾ കയറുമ്പോഴും മുഖം മറയ്ക്കാനും ഞാൻ മറന്നില്ല.എന്നെ അറിയാമായിരുന്ന ആരെങ്കിലും ഉണ്ടാകുമോ എന്നപേടി എനിക്കുണ്ടായിരുന്നു. അമ്മയ്ക്ക് എവിടെയോ പോകണമെന്ന് ഇന്നലെ പറയുന്നത് കേട്ടു. അത് ഇവിടെയടുത്തൊന്നുമാകല്ലേ എന്ന് ഞാൻ പ്രാർത്ഥിച്ചു. പെട്ടെന്ന് ബസ് നിർത്തി. ആകെ ഒച്ചപ്പാടും ബഹളവും എന്താണവിടെ നടക്കുന്നതെന്നെനിക്കറിയില്ലായിരുന്നു. കുറേ പേർ ഒച്ചവച്ച് ബസിൽ നിന്നറങ്ങി. എന്തോ നല്ലതല്ലാത്തതാണെന്ന് എനിക്കറിയാമായിരുന്നു. ആൾക്കൂട്ടത്തിനിടയിൽ എനിക്കൊന്ന് നുഴഞ്ഞ് കയറാൻ പോലും സാധിച്ചില്ല.അടുത്ത് നിന്നിരുന്ന ആളോട് കാര്യം തിരക്കിയപ്പോൾ ആക്സിഡന്റാണെന്ന് മനസ്സിലായി. സ്കൂട്ടിയിൽ രണ്ടുപേർ ചോരയിൽ കുളിച്ച് അവിടെ കിടക്കുന്നു. പക്ഷെ എന്റെ ചിന്ത യാത്രയെക്കുറിച്ചായിരുന്നു. ഇനി വണ്ടി മുന്നോട്ട് പോയില്ലെങ്കിൽ ഞാനെന്തുചെയ്യും? എനിക്കാണെങ്കിൽ തിരിച്ചുപോകാനുള്ള വഴിയും അറിയില്ല. ആൾക്കൂട്ടത്തിൽ നിന്ന് പയ്യെ പയ്യെ ആളുകൾ പിരിഞ്ഞു പോയി. അപ്പോൾ വളരെ ഭയാനകവും വിചിത്രവുമായ ഒരു കാഴ്ചയെ എനിക്ക് നേരിടേണ്ടിവന്നു. ആക്സിഡന്റിൽ ചൊര വാർന്നൊലിച്ച് ആരും സഹായത്തിനില്ലാതെ കിടന്നിരുന്നത് എന്റെ അമ്മയായിരുന്നു. എന്റെ ഹൃദയം സ്തംഭിച്ചുപോലെ തോന്നി. കണ്ണുകൾക്ക് കാഴ്ച നഷ്ടപ്പെട്ടതുപോലെയും. അവിടെ കിടന്നിരുന്നതിൽ രണ്ടാമത്തെയാൾ എന്റെ ചേട്ടനായിരുന്നു. ഒരു പക്ഷെ എന്നേക്കാൾ മുമ്പ് തന്നെ അമ്മ ആ വാർത്ത കണ്ടിട്ടുണ്ടായിരിക്കണം. എനിക്കിപ്പോൾ എന്ത് ചെയ്യണമെന്നറിയില്ലായിരുന്നു.അവരെ കൊന്ന ആ വണ്ടിയ്ക്കകത്ത് ഞാനുമുമ്ട്ായിരുന്നെന്നോർത്തപ്പോൾ പ്രാന്തു പിടിക്കുന്നതുപോലെ തോന്നി. ഞാനവിടെ തലകറങ്ങി വീണു. ഇത്ര കൊല്ലങ്ങൾ കഴിഞ്ഞിട്ടും എന്റെ കാലിലെ ചങ്ങലയെക്കാൾ ആഴത്തിലുള്ള വേദന ആ ചുവന്ന കാഴ്ച എനിക്ക് സമ്മാനിക്കുന്നു.

പാർവ്വതി.കെ.ആർ

XB

## ഇനിയുമുണ്ടൊരുവഴി

എന്റെ കുഞ്ഞുബാല്യത്തിൽ
ഞാൻ നടന്ന വഴിപാത
തേടി നടന്നൊരുകാലം
മടിക്കുന്ന ഓർമ്മകൾ
ചിതറി കിടക്കുന്ന
പോയകാലത്തിൻ സ്മരണകൾ
പച്ചതൻ മടിത്തട്ടിൽ
ഉറങ്ങികിടന്നൊരു
പൂക്കളും പുഴകളും
തേന്മാറും കാഴ്ചകൾ
ഇരുണ്ട നിർപാതകൾ
കുതിക്കുന്ന വണ്ടികൾ
നടക്കുന്ന ആളുകൾ
വന്നകാലത്തിൻ സ്മരണകൾ
മരിക്കുന്നു ജനിക്കുന്നു
വഴികളോരോന്നും
പിടയുന്നു കരയുന്നു
കാഴ്ചകളോരോന്നും
കഴിഞ്ഞില്ല തീർന്നില്ല
ഇനിയുമുണ്ടൊരുവഴി

## കൂട്ടുകാരി

ആമിയും ഐഷ്വവും ഉറ്റ ചങ്ങാതിമാരായിരുന്നു. കുഞ്ഞായിരിക്കുമ്പോൾ തന്നെ ജീവിതാവസാനം വരെ കൂട്ടുകാരികളാകാൻ അവർക്ക് ആഗ്രഹമുണ്ടായിരുന്നു. ആമിയും ഐഷ്വവുംകളിക്കുകയും, പാട്ടുപാടുകയും,ഡാൻസ് കളിയ്ക്കുകയും,ഒന്നിച്ചിരുന്ന് മണ്ണപ്പം ചുടുന്നതും, പച്ചിലക്കറിയുണ്ടാക്കുന്നതും രണ്ടുപരുടെയും മുഖ്യ വിനോദമായിരുന്നു.

സ്കൂളിന്റെ പടികയറാനും രണ്ടാളും ഒരുമിച്ചാകാനാണ് ആഗ്രഹിച്ചത്.

നിർഭാഗ്യവശാൽ അത് സാധിച്ചില്ല. രണ്ടുപേരുടെയും സംസാരവും അടുപ്പവും കുറഞ്ഞു വന്നു. കാണുന്നത് തന്നെ വല്ലപ്പോഴുമായി ഇങ്ങനെയിരിക്കുമ്പോഴാണ് അത് സംഭവിച്ചത്. ഐഷ്വ തന്റെ കുഞ്ഞാടെ വീട്ടിലേക്ക് പോയി പിന്നീട് അവിടെ നിന്നായി പഠിപ്പ്. രണ്ടുപേർക്കും അത് സഹിക്കാൻ കഴിഞ്ഞില്ല. കുട്ടിക്കാല്ത്ത് കിട്ടിയ സുഹൃത്താണെങ്കിലും ജീവിതത്തിൽ ആദ്യമായി കിട്ടിയ കൂട്ടുകാരിയെ നഷ്ടപ്പെടുത്താൻ രണ്ടാൾക്കും ആഗ്രഹമുണ്ടായിരുന്നില്ല. പിന്നീടുള്ള കാലം രണ്ടുപേരുടെയും ജീവിതത്തിൽ അർഥമില്ലാത്ത ദിനങ്ങളായിരുന്നു.

ഇടയ്ക്ക് കണ്ടാൽ അവർ തങ്ങളുടെ നീണ്ട സംസാരം ഒരു ചിരിയിലൂടെ ഒതുക്കാൻ ശ്രമിച്ചു. എന്നാലും മനസ്സിൽ തന്റെ കൂട്ടുകാരിയെ എന്നും സൂക്ഷിച്ചിരുന്നു. വർഷങ്ങളുടെ നീണ്ടകാലയളവ് രണ്ടുപേരുടെയും ഉള്ളിൽ അകലമുണ്ടാക്കി. നീണ്ട കാലത്തിനുശേഷം കാണുമ്പോൾ രണ്ടുപേർക്കും അത്ഭുദമായിരുന്നു. തന്റെയൊപ്പം ഓടിച്ചാടികളിച്ചിരുന്നവൾ ഒരുപാട് മാറിയിരിക്കുന്നു. ഏഴാം ക്ലാസ്സിലായപ്പോഴാണ് ആമി ഐഷ്വവിന്റെ സ്കൂളിൽ ചേർന്നത്. ആദ്യമൊക്കെ പഴയ അടുപ്പം ഇല്ലാതിരുന്നെങ്കിലും

പതിയെ പതിയെ അത് മാറി തുടങ്ങി. രണ്ടുപേരും അവരുടെ കുട്ടിക്കാലത്തേക്ക് ഒരുതവണയയെങ്കിലും തിരിച്ചുപോയിട്ടുണ്ടാകണം.

അവർ കുട്ടിക്കാലത്തുണ്ടായതിനേക്കാളും ആത്മബന്ധം പിന്നീട് അവർക്ക് തമ്മിലുണ്ടാകാനാണ് അവരുടെ ആഗ്രഹം. തന്റെ പഴയ കൂട്ടുകാരിയെ തിരിച്ചുകിട്ടിയ സന്തോഷത്തിൽ രണ്ടുപേർക്കും ഉത്സാഹമായിരുന്നു. പിന്നീട് ഒരേ ക്ലാസിലായതും ഒരേ ബെഞ്ചിലായതും അടുപ്പം കൂടുന്നതിന് സഹായിച്ചു. ദിവസങ്ങൾക്കകം അവർ പുതിയ സുഹൃത്തുക്കളാവുകയും അത് നഷ്ടപ്പെടുത്തില്ലെന്നും പ്രതിജ്ഞ ചെയ്തു പോലെ പറഞ്ഞു. ബാല്യത്തിലെ

സുഹൃത്തിനെ കൗമാരത്തിൽ കിട്ടിയ സന്തോഷത്തിലാണ് അവരുടെ സുന്ദരമായ ജീവിതം..........

ഉമ്മുകുൽസു വി എം

## നീയും ഞാനും

ഒരു മഞ്ഞുതുള്ളിയായ്
അരികിൽ അണഞ്ഞു നീ
താരകമാം മുല്ല പൂക്കുന്നീ
മാനത്തിൽ കുടിലിൻ
മറ്റാരും കാണാതെ
വർണം വിതറി നീ വരുമ്പോൾ
മനസ്സിലൊളുപ്പിച്ചുവച്ചൊരി പ്രണയം
നിത്യമാം ശാന്തിയിലേയ്ക്കണയവേ
എത്രയോ രാവുകളിലീ ഞാൻ
ഉറങ്ങാതെയൊന്നമയങ്ങാതെയിരുന്നു
ഇനിയുമെത്രയോം ജന്മമെനിക്കുണ്ടായാലും
അന്ന് ഉറ്റവൻ നീ തന്നെയാകണം
കാത്തിരിക്കാം ഇനിയുള്ള ജന്മം
നിനക്കായ് മാത്രം
നിൻ സ്നേഹത്തിനായ് മാത്രം

പാർവ്വതി.കെ.ജി

X C

# മീനക്കുട്ടി

ഒരു കൊച്ചു നഗരം, പാടവരമ്പുകൾ, വയലുകൾ, ചന്തകൾ കൂടാതെ കർഷകർ, തൊഴിലാളികൾ, സ്കൂൾകുട്ടികൾ... എന്നിങ്ങനെ പലതും ഉണ്ടായിരുന്നു. ഈ ആൾക്കൂട്ടത്തിനിടയിൽ ഒരു പെൺകുട്ടിവന്നുനിന്നു കരയാൻ തുടങ്ങി.അഞ്ചോ ആറോ പ്രായമുള്ള ഇരുനിറത്തിൽ ചുരുണ്ടമുടികളോടുകൂടിയ കുട്ടി കരയുന്നത് കണ്ട് ആളുകൾ കുട്ടിയുടെഅരികിലേക്ക് വന്നു. “മോളേതാ?മോൾടെ വീടെവിടെയാ? പേരെന്താ?” ഇങ്ങനെയുള്ള ചോദ്യങ്ങൾ പലരുമായി ചോദിച്ചു. ചോദ്യങ്ങൾക്കൊടുവിൽ കുട്ടി പറഞ്ഞു.- “ഞാൻ മീന. എന്റമ്മേം അച്ഛനും മരിച്ചുപോയി. പിന്നെ ഒരമ്മായിയാ എന്നെ വളർത്തിയ്ത്. ആ അമ്മായി എന്നെ കൊണ്ട് പണിയെടുപ്പിയ്ക്കുകയും ഒറ്റയ്ക്ക് കടേലൊക്കെ പറഞ്ഞയയ്ക്കുമായിരുന്നു. അനുസരിച്ചില്ലെങ്കിൽ ചീത്ത പറയും. അവിടെനിന്ന് ഓടി രക്ഷപ്പെട്ടതാ ഞാൻ. ഇനി അവിടേയ്ക്ക് ഞാൻ പോകില്ല.” “എന്തൊരു ദുഷ്ടത്തിതള്ള" “നമുക്കീ കുട്ടിയെ അനാഥാലയത്തിലേക്ക് കൊണ്ടുപോകാം. അവിടെ ഇവൾ സന്തോഷിച്ച് കളിച്ച് പഠിച്ച് വളരട്ടെ.” 'അതെ' ആളുകൾ പറഞ്ഞു. കുട്ടിയെ അവർ അനാഥാലയത്തിലേക്ക് കൊണ്ടുപോയി. ഒരു കാർ അനാഥാലയത്തിന്റെ മുമ്പിലായി നിർത്തി. അവൾ കാറിൽ നിന്നിറങ്ങി. അനാഥാലയത്തിന്റെ മുമ്പിൽ പഠിയ്ക്കുകയും കളിയ്ക്കുകയും ചെയ്തിരുന്ന കുട്ടികൾ ആകാംക്ഷയോടെ പുതിയ കൂട്ടുകാരിയെ കാത്തു. കുട്ടിയെ കൊണ്ടുവന്ന ആളുകൾ സിസ്റ്ററിന്റെ അടുക്കൽ കുട്ടിയെ ഏൽപ്പിച്ചു. അനാഥാലയത്തിലെ കുട്ടികൾ അവളെ സന്തോഷത്തോടെ സ്വീകരിച്ചു. അവളുടെ വിവരങ്ങശൾ ചോദിച്ചറിഞ്ഞു. അവൾക്കു വേണ്ട പഠനസൗകര്യങ്ങൾ ഒരുക്കി. അവളെ ഒന്നാം ക്ലാസിൽ ചേർത്തി. “മീന മോൾ പഠിയിക്കണം. കഴിഞ്ഞകാര്യങ്ങളൊന്നും ഓർക്കേണ്ട. ഇനി മോൾടെ ലക്ഷ്യം പഠിച്ച് വലുതാവണം എന്നതാണ് " എന്ന് സിസ്റ്റർ

പറഞ്ഞുകൊടുത്തു. മീനു അന്നുമുതൽ കളിച്ചും പഠിച്ചും ടീച്ചറാവണമെന്ന ലക്ഷ്യത്തോടുകൂടിയും വളർന്നു. സന്തോഷത്തിന്റെ നാളുകളാണ് മീനുവിന് പിന്നീട് ഉണ്ടായത്. ഏതോ നഗരത്തിൽ വളർന്നുവന്ന മീനുവിന് ഇപ്പോൾ സ്വർഗ്ഗമാണ് കിട്ടിയിരിക്കുന്നത്. അതിനവൾ അവരോടും ദൈവത്തോടും നന്ദി പറഞ്ഞു.

സുഹറസനം.പി.എസ്

## നനഞ്ഞ മഴയോർമ്മ

ബസ്സിന്റെ ജനാലയിൽ തലചായ്ച്ച് കിടന്നപ്പോൾ അറിയാതെ മയങ്ങിപ്പോയി. മഴത്തുള്ളികൾ മുഖത്ത് തട്ടിവിളിച്ചപ്പോഴാണ് മയക്കത്തിൽനിന്നും ഓർമ്മയിൽ നിന്നും ഉണർന്നത്. ഓർമ്മകൾക്കെന്തൊരു വേഗമാണ് ! ബസ്സിൽനിന്ന് നോക്കുമ്പോൾ പിന്നിലേക്ക് പായുന്ന മരങ്ങൾപോലെ അവയും എന്നെ പിന്നിലേക്ക് കൊണ്ടുപോയി. പത്തുവയസ്സായ ആ വള്ളിട്രൗസറുകാരന്റെ നിഷ്കളങ്കമായ മുഖത്തിന് ഇന്നത്തെ കുട്ടികളിൽ കാണാത്ത ഒരു ദു:ഖം ഉണ്ടായിരുന്നു. അത് ഞാനാണെന്ന് ഓർക്കുമ്പോൾ മുഖത്ത് ചിരിപടരുന്നതുപോലെ ദു:ഖവും പടരുന്നു. ഇന്നിപ്പോൾ അമേരിക്കയിലെ മൾട്ടി നാഷണൽ കമ്പനിയിലെ മാനേജർസീറ്റിന് എന്റെ അമ്മയുടെ കണ്ണീരിന്റെ വിലയുണ്ട്. അതോ അതിനേക്കാളേറെയോ?ഓർമ്മകളിൽ ഇന്നും മായാത്ത ആ ദിവസം. മഴയുടെ താണ്ഡവത്തിൽ രൗദ്രമായി അതിന്നും എന്റെ മനസ്സിൽ നിൽക്കുന്നു.  സ്വന്തം മകനെ പഠിപ്പിക്കാൻ ഒരമ്മ ലോകത്തെ മുഴുവൻ വെല്ലുവിളിച്ചു. അഞ്ചാം ക്ലാസിൽ സ്കൂൾ തുറന്ന ദിവസം. അച്ഛന്റെ വരവും കാത്ത് ഞാൻ ആകാംക്ഷയോടെ ഓലമേഞ്ഞകുടിലിലെ വരാന്തയിൽ ഇരുന്നു. രണ്ടുദിവസമായി എന്തെങ്കിലും കഴിച്ചിട്ട്. അച്ഛനിന്നും പണിയില്ലെങ്കിൽ കാര്യം കഷ്ടം തന്നെ. സ്കൂൾ തുറന്നപ്പോൾ മനസ്സിന് ഇത്തിരി ആശ്വാസം കിട്ടിയതാണ്. ഉച്ചകഞ്ഞിയെങ്കിലും കിട്ടുമല്ലോ. പക്ഷേ ഒന്നാമത്തെ ദിവസം ഉച്ചവരെ മാത്രമേ ക്ലാസുള്ളൂ എന്നതിനാൽ ആ പ്രതീക്ഷയും അസ്ഥാനത്തായി. സമയം ആറ് കഴിഞ്ഞു. ഇതുവരെ കാണാത്ത മഴയുമുണ്ട്. ഈശ്വരാ ഈ വീട് വീഴാതിരുന്നാൽ മതിയായിരുന്നു. മുറ്റത്തെ കല്ലുരാറ്റ് നിറഞ്ഞ് കവിഞ്ഞിരിക്കുന്നു.ആ മഴയ്ക്കും വെള്ളത്തിനുമൊപ്പം ഒഴുകിപ്പോയത് എനിക്ക് കിട്ടേണ്ട സ്നേഹവും വാത്സല്യവും കരുതലുമായിരുന്നു. സമയം ഏറെ കഴിഞ്ഞിട്ടുംഅച്ഛനെ കാണാതായപ്പോൾ  എന്റേയും അമ്മയുടെയും നെഞ്ച് കലങ്ങി മറിഞ്ഞിരുന്നു. കാരണം സമയം കഴിയുംതോറും മഴയും പുഴയുടെ ഇരമ്പലും കൂടിവന്നിരുന്നു. ആ പുഴകടന്നാണ് ചെരുപ്പുകുത്തിയായ അച്ഛൻ വരേണ്ടത്. പെട്ടെന്ന് അമ്മ പറഞ്ഞു. "രവീ അച്ഛനിന്ന് വൈകുമെന്ന് പറഞ്ഞിരുന്നോ"? “ ഇല്ലമ്മേ".

ഞാൻ പേടിയോടെ പറഞ്ഞു. അപ്പോഴാണ് വാസുവേട്ടനും ശശിയേട്ടനും പിന്നെ പേരറിയാത്ത കുറേ നാട്ടുകാരും കൂടി വന്നത്. വന്നപാടെ അമ്മയെ വിളിച്ച് വാസുവേട്ടൻ പറഞ്ഞു. "വള്ളം മറിഞ്ഞ് കേശവേട്ടൻ പോയി". ഒരലർച്ചയോടെ അമ്മ ബോധംകെട്ടുവീണു. ഞാനും ആ സത്യത്തെ അംഗീകരിക്കാൻ തയ്യാറായില്ല. അച്ഛന്റെ ശവം മുറ്റത്തെത്തിയപ്പോഴാണ് ഞങ്ങളുടെ നെടുംതൂണായ വന്മരം കടപുഴകി വീണ സത്യം ഞാനറിഞ്ഞത്. കർമ്മങ്ങൾ കഴിഞ്ഞ് വീട്ടുകാരും ബന്ധുക്കളും പോയി. വീടൊഴിഞ്ഞു. കണ്ണീരിന്റെ ആധിക്യത്താൽ

വീർത്തുപോയ കണ്ണുകൾ എന്നെ നോക്കി പറഞ്ഞു. ജീവിതത്തിൽ നാം ഇനി ഒറ്റയ്ക്കാണ് രവീ

ഒറ്റയ്ക്ക് ,ഒറ്റയ്ക്ക്........

ആ വാക്യം അമ്മ ആവർത്തിച്ചു പറഞ്ഞു. ഒരു നിശ്ചയമില്ലാതെ ഞാനും. അച്ഛൻ മരിച്ച് പത്താംനാൾ മുതൽ അമ്മ ജോലിയ്ക്ക് പോയി. പുഴയിലെ കക്ക വാരിയും അടുക്കളയിൽ പണിയെടുത്തും പാടത്ത് കൊയ്യാൻ പോയും അമ്മ രാത്രി വരെ ജോലി ചെയ്തു. ആ വരുമാനം കൊണ്ട് എന്നെ പഠിപ്പിച്ചു. നാട്ടുകാർ മുഴുവൻ അമ്മയെ മോശമായി കണ്ടെങ്കിലും മനസ്സിന്റെ ബലം അമ്മകൈവിട്ടില്ല. കൊടിയ ദാരിദ്ര്യത്തിൽ നിന്നും എന്നെ പഠിപ്പിക്കാൻ അമ്മ ഏറെ കഷ്ടപ്പെട്ടു. പട്ടിണി കിടന്നും വിയർത്തൊലിച്ചും അരവയറുമായും അമ്മ എന്നെ ലോകമറിയുന്ന കമ്പനിയിൽ മാനേജരാക്കി. എന്റെ കഴിവല്ല. എന്റെ അമ്മയുടെ ത്യാഗമാണ് ഇന്ന് കാണുന്ന ഞാൻ. ബസ്സ് അവസാന സ്റ്റോപ്പിൽ നിർത്തിയപ്പോഴാണ് ഞാൻ ഓർമ്മകളുടെ ലോകത്തുനിന്ന് തിരിച്ചെത്തിയത്. ഇടവഴിയിലൂടെ നടന്നപ്പോൾ ഇടതൂർന്ന ചെമ്പരത്തിയും ചെടികളും എന്റെ മുഖത്തെ തൊട്ടും തലോടിയും നിന്നു. എന്റെ ഗ്രാമത്തിന് ഒരു മാറ്റവുമില്ല. എല്ലാം പഴയപോലെ. ഞാൻ മാത്രം.....

പെട്ടെന്ന് ഫോണിലെ മെസേജ് ബോക്സിൽ മോളുടെ മെസേജ് വന്നു. "വേർ ആർ യൂ ഡേഡ് വീ ആർ വെയ്റ്റിങ്, മമ്മി ദേഷ്യം പിടിച്ചിരിയ്ക്കുകയാണ് " എന്റെ മകൾ തുഷാരയുടെ മെസേജ്. നഗരത്തിന്റെയും ആഢംബരത്തിന്റെയും സന്തതിയായ അവൾക്ക് ഞാൻ നാട്ടിൽ വന്നത് ഇഷ്ടമായിരുന്നില്ല. അവൾ പറഞ്ഞു."ആ അൺകൾച്ചർ മനുഷ്യരുടെ ഇടയിലേക്കാണോ പോകുന്നത്?ഞാനും മമ്മിയും വരുന്നില്ല" എന്റെ ഭാര്യക്കും മകൾക്കും എന്റെ അമ്മയെ ഇഷ്ടമായിരുന്നില്ല. അവർ പറയുന്നത് അമ്മ അൺകൾച്ചർ ആണെന്നാണ്.

തെറ്റ് എന്റെ ഭാഗത്ത് തന്നെയാണ്. വലിയപട്ടിണിയിൽ നിന്ന് എന്നെ ഇവിടെ വരെ എത്തിച്ചത് അമ്മയാണ്. പക്ഷേ എനിക്ക് നല്ല ജോലിയും പണവുമായപ്പോൾ എന്റെ ബോസിന്റെ മകളെ വിവാഹം ചെയ്തു. കൊറിയർ വഴി അയച്ചുകൊടുത്ത കല്യാണഫോട്ടോ കണ്ടാണ് തന്റെ മകന്റെ വിവാഹം പോലും നടന്നത് ആ അമ്മ അറിയുന്നത്. പക്ഷേ അമ്മ എന്നെ വഴക്കുപറയുകയോ പരിഭവം പറയുകയോ ചെയ്തില്ല."സാരമില്ല മോന് തിരക്കായതുകൊണ്ടല്ലേ അമ്മയേ അറിയിക്കാതിരുന്നതും കല്യാണത്തിന് അമേരിക്കയിൽ കൊണ്ടുപോകാതിരുന്നതും അമ്മയ്ക്ക് ഒരു വിഷമവും ഇല്ല" ഇത് പറയുമ്പോൾ കരച്ചലിന്റെ വക്കോളം എത്തിയ അമ്മയുടെ ശബ്ദം എന്റെ ചെവിയിൽ ഇന്നുമുണ്ട്. ഒരു മഴയുടെ ഇരമ്പൽ പോലെ........സ്വന്തം പേരക്കുട്ടിയേ പോലും ഫോട്ടോയിലൂടെ കാണേണ്ടിവന്ന അമ്മയുടെ ദുർവിധി. ജോലി കിട്ടി ഒരു തവണ മാത്രമേ ഞാൻ നാട്ടിലേക്ക് പോയുള്ളൂ. അതും അമ്മയ്ക്ക് നെഞ്ച് വേദന പതിവായപ്പോൾ. 22 വർഷങ്ങൾക്കുശേഷം ഞാൻ അമ്മയെ കാണാൻ പോകുകയാണ്. അമ്മയ്ക്ക് എന്നെ മനസ്സിലാകുമോ എന്തോ? ഒരു വർഷമായി അമ്മയുടെ കത്തുകൾ തന്നെ വന്നിട്ട്. പുഴകടന്ന് ഞാൻ വീടെത്തി. ഞാൻ പണമയച്ചുകൊടുത്ത കൊച്ചുടെറസ്സുവീട് കാടുകേറി കിടക്കുന്നു. "അമ്മേ" ഞാൻ നീട്ടി വിളിച്ചു. അപ്പോൾ അയൽ

പക്കത്തുള്ള ഒരു കൊച്ചു പയ്യൻ പറഞ്ഞു. "അമ്മാമ മരിച്ചിട്ട് അഞ്ചാറ് മാസായി. ആരും വരാത്തോണ്ട് എന്റെ അച്ഛൻ ശ്മശാനത്തിൽ കൊണ്ട് അടക്കി.'' എനിക്ക് തലകറങ്ങുന്നതുപോലെ തോന്നി. കാലിനടിയിലെ അവസാന മണ്ണും ഒലിച്ചുപോകുന്നതുപോലെയും. ഭൂമിയിലെ എന്റെ അവസാന വേരും അറ്റു. തായ്‌വേര് നഷ്ടപ്പെട്ട മരത്തെപ്പോലെ ഞാനും കടപുഴകി മണ്ണിലേക്ക് വീണു.

അനാമിക V D

## പഠനക്കുറിപ്പ്

## അശ്വമേധം- വയലാർ രാമവർമ്മ

കോടി കോടി വർഷങ്ങളിലൂടെ പരിണമിച്ചുണ്ടായ ജീവിവർഗങ്ങളിൽ ഒന്നു മാത്രമായ മനുഷ്യന്റെ അസാധാരണമായ ശക്തിമാഹാത്മ്യങ്ങളെ നമിക്കുകയും വാഴ്ത്തിപ്പാടുകയും ചെയ്തു, പച്ച മനുഷ്യന്റെ അപദാനങ്ങളെ വാഴ്ത്തിപ്പാടിയ വയലാർ രാമവർമ്മയുടെ കാവ്യസപര്യയിലെ പ്രധാനപ്പെട്ട ഒരു കവിതയാണ് അശ്വമേധം.

മാനവരാശിയുടെ വളർച്ചയിലെ ഓരോ ഘട്ടത്തിലും സർഗശേഷിയുടെ വ്യാപനം എത്രമാത്രം ആയിരുന്നു എന്ന് കവിതയിലൂടെ ഉരുത്തിരിയുന്നു. കരുത്തിന്റെയും അധികാരത്തിന്റെയും പ്രതീകമായ യാഗാശ്വത്തിന്റെ, മനുഷ്യശക്തിയുടെ യുഗങ്ങളിലായുള്ള വിജയപ്രയാണമാണ് കാവ്യത്തിന്റെ കാതൽ.

ദ്വിഗ്വിജയത്തിനായി കവി തന്റെ സർഗ്ഗശക്തിയാകുന്ന കുതിരയെ കെട്ടഴിച്ചുവിടുകയാണ്. ഈ ഭൂമിയിൽ അതിനെ-സർഗ്ഗശക്തിയെ-പിടിച്ചുകെട്ടാൻ, അതിന്റെ മാർഗം മുടക്കാൻ ആർക്കാണ് കഴിയുകയെന്ന് കവി വെല്ലുവിളിയ്ക്കുന്നു. വിശ്വസംസ്കാരവേദിയിൽ പുതിയ ഒരു അശ്വമേധത്തിന്, കാവ്യസംസ്കാരത്തിന് കവി തുടക്കം കുറിയ്ക്കുകയാണ്. ശിരസ്സുയർത്തി അഭിമാനത്തോടെ പായുകയാണ്. കോടിക്കണക്കിന് പുരുഷാന്തരങ്ങളിലൂടെ നേടിയെടുത്ത അതിന്റെ ശക്തിയും കണ്ണുകളിലെ ഉന്മേഷവും കാലുകളിലെ ഉത്സാഹവും കുതിരയുടെ മുന്നോട്ടുള്ള മേച്ചിലിൽ നമുക്കു കാണാം.

പ്രകൃതിയുമായി മല്ലിട്ടു നേടിയെടുത്ത ആ സിദ്ധികൾ വെറും ഭാവനാത്മകം മാത്രമല്ല. ജീവിതത്തിന്റെ പച്ചയായ ആവിഷ്കാരത്തിലൂടെ, അധ്വാനത്തിലൂടെ നേടിയെടുത്തതാണ് ആ സംസ്കാര മണ്ഡലം. അനേകകോടി ശതാബ്ദങ്ങൾക്കു മുമ്പ് മനുഷ്യൻ കാട്ടിൽ സമൂഹമായി നിലനിൽക്കുന്നിടത്തുനിന്നും തുടങ്ങിയ ആ സർഗവൈഭവം മുത്തശ്ശിമാർ പാടിപ്പാടി വായ്മൊഴിയായി വളർത്തിയെടുത്തതാണ്.

പിന്നീട് അവ അതിന്റെ കുളമ്പടി ശബ്ദങ്ങളാൽ രാജാക്കന്മാരുടെ വീരസ്മരണകൾ ഉറങ്ങുന്ന ശവകുടീരങ്ങളെ ശബ്ദായമാനമാക്കി കോട്ടകൊത്തളങ്ങളിലൂടെ സഞ്ചരിച്ചു.

ആ പ്രയാണത്തിനിടയിൽ കുതിരക്കുളമ്പടിയേറ്റ് അറ്റുവീണുപോയത് അനേകം വെൺകൊറ്റക്കുടകളും ചെങ്കോലുകളും ഭരണകൂടങ്ങളുമായിരുന്നു. സാഹിത്യത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ട് ജനങ്ങൾ ഏതു കാലത്തും ദുർഭരണങ്ങൾക്കെതിരെ

ആഞ്ഞടിച്ചിരുന്ന എന്ന ചരിത്രസത്യം ഇതിലൂടെ കവി വ്യക്തമാക്കുന്നു. അങ്ങനെ കുഞ്ചിരോമങ്ങൾ തുള്ളിച്ചുകൊണ്ട് സഞ്ചരിച്ച പോരാട്ടത്തിന്റെ സമരവീര്യങ്ങളെ ദൈവം തന്റെ കടിഞ്ഞാണുമായി സവാരിയ്ക്ക് കൊണ്ടുപോയി. കാവ്യചരിത്രം വീണ്ടും സ്തോത്രങ്ങളിലേക്കും ദൈവസ്തുതികളിലേക്കും മാറിപ്പോയി.

ആഗമതത്ത്വവേദികളായ മഹർഷിമാർ സാഹിത്യത്തെ യോഗദണ്ഡിൽ തളച്ചിട്ടു. വേദങ്ങളും ഉപനിഷത്തുക്കളും അടങ്ങിയ വൈദികസാഹിത്യത്തെ ഇവിടെ സൂചിപ്പിക്കുന്നു. ഇങ്ങനെ കൊട്ടാരങ്ങളിലും ദേവാലയങ്ങളിലും തത്വചിന്താമണ്ഡലത്തിലും ഒതുങ്ങിക്കൂടിയ കവിതയെ, കവിയുടെ പൂർവീകർ അങ്കമാടി വീണ്ടെടുത്ത് മണ്ണിനെ പൊന്നണിയിക്കുന്നവരുടെ, അധ്വാനത്തിന്റെ മഹത്വത്തെ വാഴ്ത്തിപ്പാടുന്നവരുടേതാക്കി മാറ്റി. നാടൻപാട്ട് സാഹിത്യത്തിന്റെ യും നാടോടിഗായകരുടെയും സ്വന്തമായി മാറിയ, മനുഷ്യന്റെ മനുഷ്യത്വത്തെ ഏറ്റുപ്പാടുന്ന, മണ്ണിന്റെ മക്കളുടെ ചേതനയെ കൊണ്ടാടുന്ന സാക്ഷാൽ സംസ്കാരശിൽപികളായ ആ പൂർവീകരിൽനിന്നുമാണ് തന്റെ സർവശക്തിയാകുന്ന കാവ്യപാരമ്പര്യത്തെ ഏറ്റുവാങ്ങിയതെന്ന് കവി സാക്ഷ്യപ്പെടുത്തുന്നു.

താൻ ഈശ്വരനല്ലെന്നും, മാന്ത്രികനല്ലെന്നും വെറും പച്ച മണ്ണിന്റെ നിറഞ്ഞ മനുഷ്യത്വമാണ് തനിക്കുള്ളതെന്നും ദിവ്യത്വങ്ങളേതുമില്ലാത്ത പച്ച മനുഷ്യനാണ് താനെന്നും തന്റെ നയത്തെക്കുറിച്ച് കവി വിളിച്ചോതുന്നു. അധ്വാനത്തിന്റെയും അധ്വാനവർഗത്തിന്റെയും മഹത്വത്തെ വിളിച്ചറിയിക്കുന്നതിന് ഇനിയും ഏറെ ദൂരം സഞ്ചരിക്കേണ്ടതുണ്ടെന്നും കവി തിരിച്ചറിയുന്നു. അതിനുവേണ്ടി തന്റെ സർഗ്ഗശക്തിയാകുന്ന കുതിരയെ കടിഞ്ഞാണഴിച്ചുവിടുകയാണെന്ന് കവി പറയുന്നു. സർഗ്ഗശക്തിയുടെ കീഴടക്കാൻ പറ്റാത്ത് കരുത്ത്, ചരിത്രത്തിലൂടെ മാനവനന്മയ്ക്കായുള്ള ജാഗ്രതാപൂർണ്ണമായ നിത്യ സഞ്ചാരം സർഗ്ഗശക്തിവ്യക്തിമനസ്സുകളിൽ നടത്തുന്ന അശ്വമേധം എന്നീ നിലകളിൽ എല്ലാം അശ്വമേധം എന്ന ശീർഷകം ഉചിതമായി മാറുന്നു.

ദുഷിച്ച അധികാരപ്രവണതകപഠനക്കുറിപ്പ് ളെ ഇല്ലായ്മ ചെയ്യാൻ കലയും സാഹിത്യവും പലചരിത്രസന്ധികളിലും സഹായകമായിട്ടുണ്ട് എന്ന്

ഭൂപത രാഷ്ട്രപ്രതാപങ്ങൾ തൻ കോട്ട-

കൊത്തളങ്ങളെ പിന്നിടും യാത്രയിൽ,

എത്ര കൊറ്റക്കുടകൾ, യുഗങ്ങളിൽ

കുത്തിനിർത്തിയ മുത്തണിക്കുണുകൾ,

അക്കുളമ്പടിയേറ്റു വീണുപോയ്;

അത്രയേറെബ് ഭരണകൂടങ്ങളും " എന്ന വരികളിലൂടെ കവി വ്യക്തമാക്കുന്നു. പ്ലേറ്റോ, അരിസ്റ്റോട്ടിൽ മുതലായ യവനചിന്തകൻമാർ അധികാരത്തിന്റെ ദുഷ്പ്രവണതകൾക്കെതിരെ

സർഗാത്മകമായി നിരന്തരം പോരടിച്ചവരാണ് എന്ന ചരിത്രസത്യം നാം ഓർക്കേണ്ടതുണ്ട്.

ഏതു കാലത്തും ഏതു ദേശത്തും ഇത്തരം സർഗാത്മകവ്യാപാരങ്ങൾ നടന്നിരുന്നു എന്നതിന് കുഞ്ചൻനമ്പ്യാരെ പോലെയുള്ള മഹാ കവികളും നമുക്ക് ഉദാഹരണമാണ്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് കരുത്ത് പകരുന്ന "വരിക വരിക സഹജരെ" എന്നു തുടങ്ങുന്ന സർഗസൃഷ്ടികളും മറ്റും നമുക്ക് ഉദാഹരണമായിട്ടെടുക്കാം.

സർഗശക്തിയെ സ്വാർത്ഥതാൽപര്യത്തിനായി ഉപയോഗിച്ചതും മതവും അധികാരകേന്ദ്രങ്ങളും സർഗശക്തിയെ ഉപയോഗിച്ച് വളർന്നതും മാനവപുരോഗതിയിൽനിന്ന് സർഗശക്തിയെ തടഞ്ഞുനിർത്തിയതും

"പണ്ട് ദൈവം കടിഞ്ഞാണമായി വന്നു
കൊണ്ടുപോയി സവാരിയ്ക്കിറങ്ങുവാൻ"

എന്ന വരികളിലൂടെ വിശദമാക്കുന്ന കവി

" അകമാടിക്കുതിരയെ വീണ്ടെടു-
ത്തന്നണഞ്ഞു യുഗങ്ങൾ തൻ ഗായകർ
മണ്ണിൽനിന്ന് പിറന്നവർ മണ്ണിനെ-
പ്പൊന്നണിയിച്ച സംസ്കാരശിൽപികൾ!"

എന്ന വരികളിലൂടെ നവോത്ഥാനനായകന്മാരും സാമൂഹികപരിഷ്കർത്താക്കളും സർഗശക്തിയെ വീണ്ടെടുത്ത് മനുഷ്യനന്മയ്ക്കും സഹോദര്യത്തിനും സമത്വത്തിനും ഊന്നൽക്കൊടുത്ത് പ്രവർത്തിച്ചതിലേക്ക് ചൂണ്ടികാണിയ്ക്കുന്നു.

അമാനുഷശക്തിയും തന്ത്രങ്ങളും ഇല്ലാത്ത പച്ചമനുഷ്യന്റെ എല്ലാ നന്മകളും സ്വപ്നങ്ങളുമുള്ള മനുഷ്യനാകാൻ കവി ആഗ്രഹിക്കുന്നുവെന്ന്

" ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണ് ഞാൻ "എന്ന വരികളിലൂടെ ഉച്ചത്തിൽ ഉദ്ഘോഷിയ്ക്കുന്ന സർഗാത്മകതയാണ് കവിയെകൊണ്ട് ഇത് പറയിക്കുന്നത്. ജീവിതപ്രതിസന്ധികൾ തരണം ചെയ്യാൻ സ്വന്തം പ്രതിഭയും സർഗശേഷിയും ഉപയോഗിച്ച് ജീവിതത്തെ തിരിച്ചുപിടിയ്ക്കുന്ന അസാമാന്യരും അസാധാരണരുമായിട്ടുള്ള സാഹിത്യപ്രതിഭകൾ സമൂഹത്തിൽ എക്കാലത്തുമുണ്ടായിട്ടുണ്ട്. വെല്ലുവിളികളെ പ്രതിഭകൊണ്ട് മറികടന്ന് അജയ്യമായ മനുഷ്യശക്തിയാണ് മാനവപുരോഗതിയ്ക്കും ലോകത്തെ കീഴടക്കുന്നതിനും മനുഷ്യനെ സഹായിക്കുന്നതിനും മനുഷ്യചരിത്രത്തെ മുന്നോട്ടു നയിക്കുന്നതിനും "അശ്വമേധത്തിലൂടെ" കവി വ്യക്തമാക്കുന്നു.

ഷീജ കെ വി

## മാപ്പ്

തിരക്ക് അത് ഒട്ടും മാറ്റിവയ്ക്കാൻ പറ്റില്ലല്ലോ...തിരക്കിന്റെ ചങ്ങലക്കണ്ണികൾ പൊട്ടിച്ച് സ്വസ്ഥമായിരിക്കാൻ ആഗ്രഹിക്കാറുണ്ട്. സഹയാത്രികന് തിരക്കോട് തിരക്ക്. ആ തിരക്കിൽ അലിയുന്ന ഞാനും. ഈ ഓട്ടപ്പാച്ചിലിനിടയിൽ നഷ്ടപ്പെടുന്ന സന്തോഷം സ്നേഹം, കരുതൽ ഇതൊന്നും ആർക്കും മനസ്സിലാവില്ല. അല്ലെങ്കിൽ ഒരിക്കൽ കൂടി ചെല്ലണം സംസാരിച്ചിരിയ്ക്കണം എന്ന് പലകുറി തോന്നിയത് ഒരിക്കലും മാറ്റിവയ്ക്കില്ലല്ലോ... പൊറുക്കാൻ പറ്റാത്തതാണ് ചേച്ചിയുടെ അറിയിപ്പ്. അടക്കിപ്പിടിച്ച തേങ്ങൾ ഇന്നും നെഞ്ചിൽ തീ കോരിയിടുന്നു.വീണ്ടും കാണാം മാഷേ എന്നു പറഞ്ഞ് അവസാനത്തെ കണ്ടുമുട്ടൽ അത് നടക്കാതിരുന്നത് എനിക്ക് കാലം കരുതിവച്ച ശിക്ഷയായിരുന്നുവോ എല്ലാ ആഴ്ചയുടെയും അവസാനം ചെന്നിരുന്നതാണ്. അവസാനമിതാ ആ വരാന്ത ശൂന്യമായിരിക്കുന്നു. വൈകിപ്പോയി ചിത കത്തിത്തീരാറായി. ആരുടേയോ പതിഞ്ഞശബ്ദം ടീച്ചറെ കാണാൻ തോന്നിയില്ല. തിരിഞ്ഞു നടന്നു. സഹയാത്രികന്റെ ചോദ്യം കഴിഞ്ഞു. അടക്കിപ്പിടിച്ച തേങ്ങൽ ഒതുക്കാൻ പാടുപെട്ടു. എന്നോ അണഞ്ഞു തീരേണ്ട എന്നെ കൈപിടിച്ചുയർത്തിയ ഗുരുനാഥാ മാപ്പ്.......

സുവർണ്ണ എൻ വി

## കായികവിശേഷം

തീരദേശ മേഖലയിൽ സ്ഥിതിചെയ്യുന്ന ഒരു സാധാരണ പൊതുവിദ്യാലയം. അത് അതിന്റെ എല്ലാ പരാധീനതകളേയും മറികടന്ന് കായികചരിത്രത്തിൽ പുത്തനധ്യായം കുറിച്ച് ദേശീയതതത്തിൽ തന്നെ തിളങ്ങിനിൽക്കുന്നു. സുകൃതികളായ നാട്ടുകാരുടെ നിർലോഭമായ സഹായസഹകരണങ്ങളാലാണ് നാട്ടികഫിഷറീസിലെ കായികക്കുതിപ്പുകൾ ലക്ഷ്യത്തിലേക്കുയരുന്നത്.

സ്കൂൾതലത്തിൽ തന്നെ അസാധാരണമാം വിധം മികവാർന്ന പ്രകടനങ്ങൾ കാഴ്ചവച്ച നാട്ടികയുടെ ചുണക്കുട്ടികൾക്ക് സ്വകാര്യസ്ഥാപനമായ നാട്ടികസ്പോർട്സ് അക്കാദമിയുടെ നേതൃത്വത്തിലുള്ള പരിശീലനം കൂടിയായപ്പോൾ തുടർച്ചയായ അഞ്ചുവർഷവും റവന്യൂ തലത്തിലെ ഒന്നാംസ്ഥാനത്തോടൊപ്പം തന്നെ സംസ്ഥാനദേശീയതലത്തിൽ മിന്നു പ്രകടനം കാഴ്ചവച്ച് നാട്ടിക സ്കൂൾ ഏവരുടേയും ശ്രദ്ധാകേന്ദ്രമായിരിക്കുന്നു.

രജതനക്ഷത്രമായി ദേശീയതലത്തിൽ വി ഡി അഞ്ജലി തിളങ്ങിയപ്പോൾ അതോടെ സ്വർണ്ണലിപികളാൽ രേഖപ്പെടുത്തി ചരിത്രത്തിന്റെ ഭാഗമായത് നാട്ടികഗവൺമെന്റ്

ഹയർസെക്കൻഡറിയുടെ പേരുകൂടിയാണ്. അവിടെനിന്നും അഭിനവ സ്പ്രിന്റ് റാണിയായി പി ഡി അഞ്ജലിയും പുതിയ വേഗങ്ങളും ദൂരങ്ങളും കൈപ്പിടിയിലൊതുക്കി ആൻസിസോജനും മാന്ത്രികതയുടെ കരസ്പർശമുള്ള കയ്യടക്കത്തോടെ പി എ അതുല്യയും ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട ഭാരതീയയുവത്വത്തിന്റെ ഭാവിവാഗ്ദാനങ്ങൾ കൂടിയാണ്.

## നാട്ടികയുടെ കായികതാരങ്ങൾ



അഞ്ജലി വി ഡി



ആൻസി സോജൻ




അതുല്യ പി എ

## സ്വന്തം ജീവിതം വലിയ മാതൃക

മധുരയിൽ ഒരു സമ്മേളനത്തിൽ പങ്കെടുക്കാൻ പോകുന്ന ഗാന്ധിജിയെ കാണാൻ ഒരു കൂട്ടം ആളുകൾ റയിൽവെ സ്റ്റേഷനിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു .ദേഹം മറയ്ക്കാൻ മാത്രം അല്പം വസ്ത്രം .അതായിരുന്നു അവന്റെ വേഷം .അവരുടെ ലളിതമായ വേഷം കണ്ട ഗാന്ധിജി ഇനി മുതൽ തനിക്കും സാധാരണക്കാരന്റെ വേഷം മതിയെന്ന് തീരുമാനിച്ചു .പിറ്റേ ദിവസം കൂടിയ മഹാസമ്മേളനത്തിൽ അദ്ദേഹം തന്റെ തീരുമാനം ഇന്ത്യൻ ജനതയെ അറിയിച്ചു. .സമ്മേളനത്തിൽ കേവലം ഒരു കൗപീനം മാത്രം ധരിച്ചാണ് അദ്ദേഹമെത്തിയത് ഗാന്ധിജി എന്തെങ്കിലും സമൂഹത്തോട് പറഞ്ഞിട്ടുണ്ടെങ്കിൽ അത് ആദ്യം തന്റെ ജീവിതത്തിൽ പകർത്തിയുണ്ടാവും .അത് തന്നെയാണ് ഗാന്ധിജിയെ മഹാത്മാവാക്കി മാറ്റിയത് .ഇന്ത്യയിൽ പച്ചക്കറികൾ കൊണ്ടുള്ള എണ്ണ ആദ്യം ഇറങ്ങിയ കാലത്തു അതിന്റെ ഗുണദോഷങ്ങളെ കുറിച്ച് പത്രങ്ങളിൽ വാദപ്രതിവാദങ്ങൾ നടന്നിരുന്നു .ഇരുഭാഗത്തുമുളിയവർക്കും ചില സ്ഥാപിത താല്പര്യങ്ങൾ ഉണ്ടായിരുന്നത് നിമിത്തം ഏതു ഭാഗക്കാർ പറയുന്നതാണ് ശരി എന്ന് തീരുമാനിക്കാൻ വയ്യാതെ ജനം മിഴിച്ചു നിന്നു.ആ അവസരത്തിലാണ് ഗാന്ധിജി പൂണെയിലെ നാഷണൽ ബയോകെമിസ്റ്ററി ഡയറക്ടർ ആയിരുന്ന ഡോക്ടർ എം ദാമോദരന് നേരിട്ടൊരു കത്തെഴുതിയത് .'ഈ എണ്ണയുടെ കുപ്പി വാങ്ങി .ഇത് ഉപയോഗിക്കുന്നത് ഹാനികരമാണോ എന്ന് കണ്ടുപിടിച്ചു എനിക്ക് എഴുതുക' എന്നതായിരുന്നു ഉള്ളടക്കം .ഡോക്ടർ ദാമോദരൻ ആ എണ്ണ പരിശോധിച്ചു

ഹാനികരമല്ലെന്നു ഗാന്ധിജിയെ എഴുതി അറിയിച്ചു രാഷ്ട്രീയ അംഗങ്ങളുള്ള ഒരു കമ്മിറ്റിയെ ഏർപ്പെടുത്തി കൊട്ടും കുരവയുമായി നടത്തപ്പെടുന്ന ഗാന്ധിജി ഒരു എഴുത്തുകൊണ്ടു സാധിച്ചെടുത്തത് .അതും നേരിട്ടെഴുതിയതുകൊണ്ടു ശുപാർശകളും പണവുമായി പരക്കം പായാനും സ്വന്തം കാര്യം സാധിക്കാൻ ശ്രമിക്കാനും ആർക്കും

സൗകര്യം കിട്ടിയതുമില്ല അതാണ് ഗാന്ധിജിയുടെ പ്രവർത്തന രീതി .നമ്മൾ പഠിക്കേണ്ടതും അത് തന്നെ .

ബാല പി യു

## പുസ്തക മാഹാത്മ്യം

വായനാശീലം വളരെയധികം പ്രാധാന്യമേറിയ ഒരു കാര്യമാണ് .എന്നാൽ ഇന്നത്തെ സമൂഹത്തിൽ വായനാശീലമുള്ളവർ തീരെ കുറവാണ്. കമ്പ്യൂട്ടറിന്റെയും മൊബൈൽ ഫോണിന്റെയും ഉപയോഗം പുസ്തക വായന കുറയുന്നതിന് കാരണമാണെന്ന് പറയാതെ വയ്യ .മറ്റു പല ദൃശ്യ മാധ്യമങ്ങളുടെ കടന്നുകയറ്റവും വായനാശീലം കുറയുന്നതിന് മറ്റൊരു കാരണമാണെന്ന് മനസ്സിലാക്കാം

മാനസികോല്ലാസത്തിനും മാനസിക വളർച്ചക്കും പുസ്തക വായന സഹായിക്കുന്നു .നല്ല രീതിയിലുള്ള പുസ്തകങ്ങൾ നമുക്ക് ഇഷ്ടാനുസരണം തെരെഞ്ഞെടുക്കാവുന്നതാണ് .പുസ്തകങ്ങളിൽ നിന്ന് ലഭിക്കുന്ന നല്ല കാര്യങ്ങൾ ജീവിതത്തിൽ പകർത്തുന്നതിനു പ്രത്യകം ശ്രദ്ധിക്കേണ്ടതാണ് .പ്രശസ്ത കവി കുഞ്ഞുണ്ണി മാഷിന്റെ

വാക്കുകൾ നിങ്ങൾ ഓർക്കുന്നില്ലേ .'വായിച്ചു വളർന്നാൽ വളരും ,വായിക്കാതെ വളർന്നാൽ വളയും '.

പഠന വിഷയങ്ങളായാലും പാഠ്യേതര വിഷയങ്ങളായാലും തെരഞ്ഞെടുക്കുന്ന പുസ്തകത്തിന്റെ ഉള്ളടക്കം സദുദ്ദേശപരമായിരിക്കണം .അതായത്പുസ്തക മാഹാത്മ്യം ഉപകാരപ്രദമായവ മാത്രം വായനക്കായി സ്വീകരിക്കണം .നല്ല രീതിയിലുള്ള വായന നല്ല മനുഷ്യനെ വാർത്തെടുക്കുന്നു.

വിഷ്ണു കെ വി

## ടങ് ട്വിസ്റ്റർസ്

1 ഉരൽ ഉരുളുമ്പോൾ മലർ ഉരുളില്ല

2 പുലരിയിൽ മുരളി കളരി പഠിക്കാൻ പോയി

3 ഉരുളിലുരുളികളരിയിലെത്തിച്ചു

4 ഉരുളിലോരുരുള

5 പേരു മണി പണി മണ്ണ് പണി

6 ആന അലറലോറലറൽ

7 കൂട്ടം കൂടി കൂട്ടാൻ കൂട്ടി ,കൂട്ടാൻ കൂട്ടാൻ കൂട്ടാൻ കൂടി

8 ഒരു പരൽ ഉരുളാൻ പരലിനെ

എടുത്ത് ഉരുട്ടി ഒരു ഉരലിന്മേൽ

വച്ചാൽ ഉരൽ ഉരുളുമോ ?പരലുരുളുമോ ?

9 ഹ ..! ഈ നെറ്റുരാന്നോടാണോ നിന്റെ കളി

10 പത്തു പച്ച തത്ത ചത്തു.

ചത്ത തത്ത പച്ച

## സ്വപ്നലോകം

വീട്ടുമുറ്റത്തു കളിച്ചു ക്ഷീണിച്ച ഉണ്ണി മുറ്റത്തെ മാവിന്റെ തണലിൽ അൽപനേരം വിശ്രമിക്കാൻ ഇരുന്നു.ചെറിയ കാറ്റ് വിശീയപ്പോൾ അവന്റെ കണ്ണുകൾ അറിയാതെ അടഞ്ഞു പോയി.നല്ലൊരു ഉറക്കത്തിലേക്കു അവൻ തെന്നി വീണു.പെട്ടെന്ന് ഒരു കിളി നാദം കേട്ടു അവൻ തിരിഞ്ഞു നോക്കി .നല്ല ഭംഗിയുള്ള ഒരു സ്വർണപക്ഷി .ഹേ! സ്വർണ്ണ പക്ഷി നീ എവിടെ നിന്നും വരുന്നു ?അവൻ ചോദിച്ചു .വളരെ അകലെയുള്ള ഒരു ഗ്രഹത്തിൽ നിന്നാണ് ഞാൻ വരുന്നത് .നീ എന്റെ കൂടെ പോരുന്നോ ?ഉണ്ണി പക്ഷിയുടെ ക്ഷണം സ്വീകരിച്ചു .അവൻ പക്ഷിയുടെ പുറത്തു കയറിയിരുന്നു.പക്ഷി അവനെയും കൊണ്ട് പറന്നുയർന്നു. അവന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല.വളരെ നേരം പറന്നു അവർ സ്വർണ്ണ പക്ഷിയുടെ ഗ്രഹത്തിലെത്തി .ഇത്ര മനോഹരമായ ഗ്രഹമോ ?ഉണ്ണിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല.ചുവന്ന മനോഹരമായ മണ്ണ് .സ്വർണ്ണ നിറത്തിൽ ഇലകളുള്ള ചെടികളും മരങ്ങളും .മരം നിറയെ പല നിറത്തിലുള്ള കായ്കൾ. ഉണ്ണിയെ സ്വാഗതം ചെയ്യാൻ ധാരാളം ജീവികൾ ഓടിയെത്തി .രണ്ടു കാലുകളിൽ നിവർന്നു നടക്കുന്ന പാറ്റകൾ .കാലുകളുള്ള പലതരം പാമ്പുകൾ ,കൊമ്പുള്ള എലികൾ,സ്വർണ്ണചിറകുള്ള പക്ഷികൾ,മനുഷ്യരെപ്പോലെ തോന്നിക്കുന്ന ഒരു തരം ജീവികൾ .ഒരു സ്വർണ്ണ മയിൽ പീലി വിടർത്തിയാടുന്നു .ആരും ആരെയും ദ്രോഹിക്കുന്നില്ല .ഇതെലാം ഉണ്ണിയെ വല്ലാതെ ആകർഷിച്ചു .ദൈവമേ ഭൂമിയും

ഇങ്ങനെയാകണമേ എന്നവൻ പ്രാർത്ഥിച്ചു.നീ എന്താ കാണന്നേ?ചോദ്യം കേട്ടു ഉണ്ണി ഞെട്ടിയുണർന്നുനോക്കിയപ്പോൾ ചേച്ചി തന്റെ അരികിൽ നില്ക്കന്നു .അവൻ ചാടിയെഴുന്നേറ്റു വീട്ടിലേക്കോടി .

അനാമിക പി എസ്



# ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ